(സി) ക്യാബിനറ്റ് തീരുമാനം എടുത്ത എത്ര കേസുകളിൽ അത് പിന്നീട് ക്യാൻസൽ ചെയ്തിട്ടുണ്ട് ;

(ഡി) ക്യാബിനറ്റ് തീരുമാനം ഗവൺമെന്റ് ഉത്തരവായി പുറപ്പെടുവിച്ചിട്ടില്ലാത്തവ എത്ര; അവ ഏതെല്ലാം കാര്യങ്ങളുമായി ബന്ധപ്പെട്ടതാണ് ;

(ഇ) മന്ത്രിസഭാംഗങ്ങളിൽ ഓരോരുത്തരും ഔട്ട് ഓഫ് അജണ്ടയായി ക്യാബിനറ്റിൽ കൊണ്ടുവന്ന നിർദ്ദേശങ്ങൾ എത്രവീതം ; വിശദമാക്കാമോ ?

ഉത്തരം

(എ) അജണ്ടയിൽ ഉൾപ്പെടുത്തി വന്ന കുറിപ്പുകൾ -
(26-11-2014 വരെ) - 4565
'ഔട്ട് ഓഫ് അജണ്ട'യിൽ പരിഗണനയ്ക്കുവന്ന കുറിപ്പുകൾ -
(26-11-2014 വരെ) - 1498

(ബി) മാറ്റിവച്ചത് (26-11-2014 വരെ) - 33
തീരുമാനം കൈക്കൊണ്ട ഇനങ്ങൾ (26-11-2014 വരെ) - 6030

(സി & ഡി) ഇതുസംബന്ധിച്ച് പ്രത്യേകം പ്രത്യേകം കണക്കുകൾ ലഭ്യമല്ല. ആയത് വിവിധ വകുപ്പുകളിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്.

(ഇ) വിവിധ വിഷയങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അനുവാദത്തോടെ ആണ് മന്ത്രിസഭാംഗങ്ങൾ അജണ്ടയ്ക്ക് പുറത്തുള്ള വിഷയങ്ങൾ മന്ത്രിസഭ മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത്. മന്ത്രിസഭ പരിഗണനയ്ക്ക് എടുക്കുന്ന വിഷയങ്ങളിലാണ് തീരുമാനമെടുക്കുന്നത്. അവ മാത്രമേ മിനിട്സിൽ ഉൾപ്പെടുത്തുകയുള്ളൂ. അതിനാൽ മന്ത്രിസഭാംഗങ്ങൾ ഓരോരുത്തരും "ഔട്ട് ഓഫ് അജണ്ട"യായി ക്യാബിനറ്റിൽ കൊണ്ടുവന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച കണക്ക് ലഭ്യമല്ല

വിദ്യാഭ്യാസവായ്പ സംബന്ധിച്ച പരാതി പരിഹരിക്കാൻ കമ്മിറ്റി

28 (28) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ നൽകുന്നതിൽ വിമുഖത കാണിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) വിദ്യാഭ്യാസ വായ്പയെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ജനപ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റി രൂപീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ഒറ്റപ്പെട്ട ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖാന്തിരം ബാങ്ക് അധികാരികൾക്ക് അയച്ചുകൊടുത്ത് വേണ്ട തിരുത്തൽ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ഇപ്പോൾ പണിഗണനയിലില്ല.

സർക്കാർ ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ്

29 (29) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രതിവർഷം സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് ചെലവഴിക്കുന്ന ആകെ തുകയെക്കാൾ കുറഞ്ഞ ചെലവിൽ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ ഇംപേഴ്സ്മെന്റിനായി ചെലവഴിക്കുന്ന തുക ഉപയോഗിച്ച് മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

നിയമന നിരോധനം

30 (30) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമനനിരോധനം ഉണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ സർക്കാർ നിയമിച്ചതിനേക്കാൾ കൂടുതൽ പേരെ സർക്കാർ ജോലിയിൽ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly